## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2592** **05.11.2019 -ൽ മറുപടിയ്ക്ക്**

പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) | പട്ടാമ്പി മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | പട്ടാമ്പി മണ്ഡലത്തിൽ കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ആരാധനാലയങ്ങൾ നവീകരിക്കാനുള്ള പദ്ധതികൾക്ക് ഭരണാനിമതി നൽകിയിട്ടുണ്ട്.<br>1) തിരുവേഗപ്പുറ മഹാദേവ ക്ഷേത്രം- 21,10,000/-<br>2) പട്ടാമ്പി ജുമാ മസ്ജിദ് 17,50,000/-<br>3) മരുതൂർ തളി ശിവ ക്ഷേത്രം 89,42,000/-<br>KEL എന്ന പൊതുമേഖലാ സ്ഥാപനം വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>2) ഫോക് ലോർ പാർക്ക് തിരുവേഗപ്പുറ എന്ന പദ്ധതിക്ക് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ ഒരു കോടി രൂപയും പാലക്കാട് ഡി.ടി.പി.സി ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാ നിർമിതി കേന്ദ്രം ഈ പാർക്കിന്റെ പണി പൂർത്തീകരിച്ചു. എന്നാൽ 2018 ലെ വെള്ളപ്പൊക്കത്തിൽ പാർക്കിൽ നിർമ്മിച്ച എല്ലാ ഘടകങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും , സംഭവിച്ച കേടുപാടുകൾ പുനക്രമീകരിക്കുന്നതിന് 49,63,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ 2019 ൽ പ്രസ്തുത പ്രദേശത്ത് വീണ്ടും വെള്ളം കയറിയതിനാൽ ഇനി അവിടെ പണം മുടക്കുന്നത് ഉചിതമല്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പട്ടാമ്പിയിലെ പൊതുജനങ്ങൾക്ക് മാനസികോല്ലാസം പകരുന്ന തരത്തിലുള്ള ഒരു പദ്ധതികളും നിലവിലില്ലാത്തതിനാൽ ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് അതിന്റെ കരയിൽ ഒരു വിനോദ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | ബി) | സ്ഥല ലഭ്യത ഉറപ്പുവരുത്തി വ്യക്തതയാർന്ന ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ